ടി.എ(5)2476/09

പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം,
മലപ്പുറം, തിയ്യതി : 09.12.2019.

പ്രിൻസിപ്പൽ കൃഷി ഓഫീസർ
മലപ്പുറം

എല്ലാ കൃഷി അസി.ഡയറക്ടർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും.

സർ,

വിഷയം:- പ്രത്യേകതൊഴിൽദാന പദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളുടെ ചെക്ക്ലിസ്റ്റ് - സംബന്ധിച്ച്.

സൂചന;-

*******

പ്രത്യേകതൊഴിൽദാന പദ്ധതിയിൽ അംഗത്വമെടുത്തവർക്ക് പദ്ധതിപ്രകാരം നൽകിവരുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചെക്ക്ലിസ്റ്റുകളും ഇതിന് മുമ്പ് നിരവധി തവണ ഈ ഓഫീസിൽ നിന്ന് നൽകിയിരുന്നു. എന്നിട്ടും ഈ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളിൽ പലതും ക്രമപ്രകാരമല്ലാത്തതിനാൽ തിരിച്ചയക്കേണ്ട അവസ്ഥയാണുള്ളത്.

ആയതിനാൽ ഇതു സംബന്ധിച്ച ചെക്ക് ലിസ്റ്റുകൾ വീണ്ടും എല്ലാ കൃഷി അസി.ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും ഒരിക്കൽകൂടി അയക്കുന്നു. മേലിൽ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ചെക്ക്ലിസ്റ്റുമായി ഒത്തുനോക്കി ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP)
പ്രിൻസിപ്പൽ കൃഷി ഓഫീസർക്കുവേണ്ടി.

ഉള്ളടക്കം:- ചെക്ക് ലിസ്റ്റുകൾ

എസ്.ജെ 11/12

## ചെക്ക് ലിസ്റ്റ് - 1

**മരണാനന്തര ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ**

1. അംഗമായി ചേർന്ന അപേക്ഷ (അസലും രണ്ട് പകർപ്പുകളും)
2. പദ്ധതി വിഹിതം/രജിസ്ട്രേഷൻ ഫീസ് അടച്ച രശീത് (അസലും 2 പകർപ്പും)
3. പഞ്ചായത്ത്തല തീരുമാനം (3 പകർപ്പുകൾ)
4. നോമിനേഷൻ ഫോറം (അസലും രണ്ട് പകർപ്പുകളും)
5. അംഗം മരണംവരെ തെരഞ്ഞെടുത്ത തൊഴിലിൽ വ്യാപൃതനായിരുന്നു എന്ന സാക്ഷ്യപത്രം (അസലും 2 പകർപ്പുകളും)
6. നോമിനിക്ക് 25000 രൂപ അനുവദിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ ശുപാർശ (അസലും രണ്ട് പകർപ്പുകളും)
7. നോമിനികളുടെ അപേക്ഷ - അസലും 2 പകർപ്പുകളും
8. മരണ സർട്ടിഫിക്കറ്റ് (3 എണ്ണം)
9. നോമിനിയുടെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് (3 എണ്ണം)

( എല്ലാ പകർപ്പുകളും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്).

## ചെക്ക് ലിസ്റ്റ് - 2

**സ്വമേധയാ പിരിഞ്ഞുപോകുന്നവർക്ക് 7500 രൂപ അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ ആവശ്യമായ രേഖകൾ**

1. പിരിഞ്ഞുപോകുന്ന ആളുടെ പ്രത്യേക പ്രൊഫോർമയിലുള്ള സാക്ഷ്യപത്രം.
2. അംഗമായി ചേർന്ന അപേക്ഷയുടെ അസൽ
3. ചലാൻ രശീതികളുടെ അസൽ
4. നോമിനേഷൻ ഫോറത്തിന്റെ അസൽ
5. പഞ്ചായത്ത്തല തീരുമാനം
6. കൃഷി ഓഫീസറുടെ ശുപാർശ
7. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

## ചെക്ക് ലിസ്റ്റ് - 3

### പെൻഷനും ഗ്രാറ്റുവിറ്റിയും ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ

1. 60 വയസ് പൂർത്തിയായ അംഗത്തിന്റെ അപേക്ഷ
2. അംഗമായി ചേർന്നപ്പോൾ സമർപ്പിച്ച അപേക്ഷയുടെ അസൽ
3. ചലാൻ രശീതിയുടെ അസൽ
4. നോമിനേഷൻ ഫോറത്തിന്റെ അസൽ
5. ബാങ്ക് പാസ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
6. പഞ്ചായത്ത്തല തീരുമാനം
7. കൃഷി ഓഫീസറുടെ ശുപാർശ
8. ജനന തീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
9. കൃഷി ഓഫീസറുടെ സ്റ്റേറ്റ്മെന്റ് ഓഫ് ക്ലെയിം.

### കൃഷി ഓഫീസറുടെ സ്റ്റേറ്റ്മെന്റിന്റെ മാതൃക

| ക്രമ നം | അപേക്ഷകന്റെ പേര് വിലാസം (Mob No) | കൃഷി ഭവൻ | ജനന തീയതി | 60 വയസ്സ് പൂർത്തിയായ തീയതി | Bank A/c No & IFSC | പെൻഷൻ . .. . . . . . മുതൽ ..... . . .. വരെ | ഗ്രാറ്റുവിറ്റി | ആകെ |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

**ശുപാർശ:-**

1. പ്രസ്തുതഅംഗങ്ങൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.
2. ടി.അംഗങ്ങൾ കാർഷിക മേഖലയിൽ തുടരുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.
3. ആയതിനാൽ പ്രസ്തുത അംഗങ്ങൾക്ക് പെൻഷൻ ഇനത്തിൽ . . . . . . . . . . . . രൂപയും (. . . . . . . . . . .. . . . .. . , . . . . . .) ഗ്രാറ്റുവിറ്റി ഇനത്തിൽ . . . . .. . . . . .രൂപയും (. . . . . . . . . .. . . . . ) ചേർത്ത് മൊത്തം . . . . . . . . . രൂപ (.. . . . . . . . . . . . ) അനുവദിക്കാവുന്നതാണ്.

ഒപ്പ്:

സീൽ: